പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6256 07.11.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ക്ക് പുതിയ വായ്പാ മാർഗങ്ങൾ

ചോദ്യം

ശ്രീ. കെ.വി.വിജയദാസ്
" കെ.ജെ. മാക്സി
" റ്റി.വി.രാജേഷ്
" കെ.വി.അബ്ദുൾ ഖാദർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എഫ്.സി., ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് നിലവിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; ഈ സ്ഥാപനങ്ങൾ ഈടാക്കുന്ന പലിശ നിരക്ക് അറിയിക്കുമോ; | (എ) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും 4364.04 കോടി രൂപയും HUDCO-യിൽ നിന്നും 415.64 കോടി രൂപയും വായ്പ ലഭിച്ചിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി. ഈടാക്കുന്ന പലിശ നിരക്കുകൾ 7.75% മുതൽ 16.25% വരെ ഹഡ്കോ ഈടാക്കുന്ന പലിശ നിരക്ക് 10.75% മുതൽ 12% വരെ. (ഫ്ളോട്ടിംഗ് നിരക്കിൽ) വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും നാളിതുവരെ എടുത്തിട്ടുള്ള വായ്പ തുകയായ 4364.04 കോടി രൂപയിൽ ദിവസേനയുള്ള തിരിച്ചടവിനു ശേഷവും 31.12.2015ൽ കൺസോർഷ്യം ബാങ്കുകളിൽ നിന്ന് 1300 കോടി രൂപ വായ്പയെടുത്ത് തിരിച്ചടച്ചതിനു ശേഷവും ബാക്കിയായി കെ.റ്റി.ഡി.എഫ്.സി. യുടെ കണക്കു പ്രകാരം 745.63 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്.<br><br>അതുപോലെ തന്നെ ഹഡ്കോയിൽ നിന്നും നാളിതുവരെ എടുത്തിട്ടുള്ള 415.64 കോടി രൂപയിൽ ദിവസേനയുള്ള തിരിച്ചടവിനു ശേഷം 31.08.2016-ലെ കണക്കു പ്രകാരം 302.39 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം എടുത്തിട്ടുള്ള വായ്പാ യിനത്തിൽ എത്ര കോടി രൂപ പലി ശയിനത്തിൽ ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ഈ സ്ഥാപ നങ്ങൾക്ക് നൽകുന്നുണ്ട്; | (ബി) | ഓരോ വർഷവും കെ.എസ്.ആർ.ടി.സി. പലിശയിനത്തിൽ കെ.റ്റി.ഡി.എഫ്.സി.ക്ക് ശരാശരി 350 കോടി രൂപയും ഹഡ്കോയ്ക്ക് ശരാശരി 70 കോടി രൂപയും നൽകുന്നുണ്ട്. |
| (സി) | ഈ സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നത് കെ.എസ്.ആർ.ടി. സി.യെ കൂടുതൽ പ്രതിസന്ധിയി ലാക്കുന്നതിനാൽ പകരം കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാകുന്ന വായ്പാ മാർഗ്ഗം പരിശോധിച്ചിട്ടു ണ്ടോ; അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിര ക്കിൽ വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച കൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ